LIBRARY ARCHIVES Kerala Legislative Assembly

പിറവം ഫയർ സ്റ്റേഷന്റെ പ്രവർത്തനം

67 [3764] *ശ്രീ. ടി. എം. ജേക്കബ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) ഈ ഫയർ സ്റ്റേഷന് ആവശ്യത്തിനുള്ള വാഹനങ്ങളും, കെട്ടിടങ്ങളും ഉണ്ടോ;

(സി) ഇല്ലെങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 1-7-1979-ൽ.

(ബി) & (സി) രണ്ട് വാട്ടർ ടെണ്ടർ, ഒരു ആബുലൻസ്, ഒരു വാട്ടർ ലോറി എന്നിവ പ്രവർത്തനക്ഷമമായിട്ടുണ്ട്. പ്രസ്തുത ഫയർ സ്റ്റേഷന് കെട്ടിടം ഉണ്ട്. കൂടാതെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി 95% പൂർത്തിയായിട്ടുണ്ട്.

അഗ്നിശമന വകുപ്പിൽ ഫയർമെൻമാരുടെ ഒഴിവുകൾ

68 [3765] *ശ്രീ. എം. കുമാരൻ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന വകുപ്പിൽ നിലവിൽ എത്ര ഫയർമെൻമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച് നിയമനം ലഭിക്കാത്തവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ മെമ്മോ ലഭിച്ചവർക്ക് പ്രസ്തുത തസ്തികകളിൽ നിയമിക്കാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച മുഴുവൻ ആളുകൾക്കും അടിയന്തിരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) അഗ്നിശമന വകുപ്പിൽ നിലവിൽ 381 ഫയർമാൻമാരുടെ ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുവാൻ വേണ്ടിയുള്ള നടപടികൾ പി.എസ്.സി. എടുത്തുവരുന്നു.

(സി) & (ഡി) ബാധകമല്ല.